# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.560** **05.06.2018-ൽ മറുപടിയ്ക്ക്**

## ചരക്ക് സേവന നികുതി വരുമാനം

| ചോദ്യം<br>ശ്രീ.എം. വിൻസെന്റ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ചരക്ക് സേവന നികുതി നടപ്പിലാക്കിയ ആദ്യത്തെ പത്ത് മാസത്തിനിടയ്ക്ക് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്; | (എ) | 2017 ഓഗസ്റ്റ് മാസം മുതൽ 2018 ഏപ്രിൽ മാസം വരെ 30037.61 കോടി രൂപ (ജി.എസ്.ടിയും, ജി.എസ്.ടി കോമ്പൻസേഷനും ഉൾപ്പെടെ) വരുമാനമായി ലഭിച്ചിട്ടുണ്ട്. ഇത് മുൻ സാമ്പത്തിക വർഷം ഇതേ കാലയളവിലെ നികുതി വരുമാനവുമായി താരതമ്യം ചെയ്യുമ്പോൾ 16% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ബി) | 2016 - 17 ൽ ഇതേ കാലയളവിൽ വാറ്റ് നികുതിയായി ലഭിച്ച വരുമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ എന്ത് കുറവാണ് സംഭവിച്ചിട്ടുള്ളത്; | (ബി) | 2016-17-ൽ ഇതേ കാലയളവിലെ നികുതി വരുമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ കുറവ് സംഭവിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.<br>തുക കോടിയിൽ<br><br>കാലയളവ്: ഓഗസ്റ്റ് മുതൽ ഏപ്രിൽ വരെ<br>മുൻ സാമ്പത്തിക വർഷം ലഭിച്ച വരുമാനം: 25970.97<br>ഈ സാമ്പത്തിക വർഷം ലഭിച്ച വരുമാനം: 30037.61<br>വർദ്ധനവ് (ശതമാനത്തിൽ): 16 |
| (സി) | ഈ കാലയളവിൽ നഷ്ടപരിഹാരമായി കേന്ദ്ര സർക്കാരിൽ നിന്നും എന്ത് തുകയാണ് ലഭിച്ചത്; | (സി) | ഈ കാലയളവിൽ നഷ്ടപരിഹാരമായി കേന്ദ്ര സർക്കാരിൽ നിന്നും 2838 കോടി രൂപ ലഭിച്ചു. |
| (ഡി) | വ്യാപാരികൾ നികുതി കണക്ക് നൽകുന്നതിൽ നിലവിൽ എന്തെങ്കിലും അനിശ്ചിതത്വം നിലനിൽക്കുന്നുണ്ടോ; എങ്കിൽ അത് ദൂരീകരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (ഡി) | ജി.എസ്.ടി. നിയമം നടപ്പിൽ വന്നുവെങ്കിലും അതിന് മുമ്പ് നിലവിലുണ്ടായിരുന്ന വാറ്റ് നിയമ പ്രകാരമുള്ള നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് വ്യാപാരികൾ കണക്ക് നൽകുന്നതിൽ തടസ്സമില്ല. ഇത്തരത്തിലുള്ള കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി കൈക്കൊണ്ട് വരികയാണ്. ആയതിനാൽ ജി.എസ്.ടി.യുടെ വരവോട് കൂടി വാറ്റ് നിയമ പ്രകാരം പിരിച്ചെടുക്കേണ്ടുന്ന നികുതി വരുമാനം നഷ്ടപ്പെടും എന്ന |

| | | | |
|---|---|---|---|
| | | | ആശങ്ക അടിസ്ഥാന രഹിതമാണ്. |
| (ഇ.) | റിട്ടേൺ സമർപ്പിക്കുന്നതിനുള്ള ഫോറം ജി. എസ്. ടി. കൗൺസിൽ ലളിതമാക്കിയത് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ? | (ഇ.) | റിട്ടേൺ ഫയലിംഗിന്റെ സോഫ്റ്റ് വെയറിന്റെ പ്രവർത്തനം കൂടുതൽ സങ്കീർണ്ണമായതിനാലും അത് യഥാസമയം ഡവലപ്പ് ചെയ്യുന്നതിന് GSTIN ന് സാധിക്കാത്തതുമൂലം വ്യാപാരികൾ റിട്ടേൺ ഫയൽ ചെയ്യുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെട്ടതിന്റെ പശ്ചാത്തലത്തിലാണ് പുതിയ റിട്ടേൺ ഫയൽ സംവിധാനം ഏർപ്പെടുത്തുവാൻ കൗൺസിൽ തീരുമാനിച്ചത്. അതിൻപ്രകാരമുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. റിട്ടേൺ ഫയലിംഗ് സംവിധാനത്തിലെ മാറ്റം നികുതി വരുമാനത്തെ ബാധിക്കുന്നതല്ല എന്നാണ് അനുമാനിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**